## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

# പോലീസിലെ ക്രിമിന ലുകളെയും അഴിമതിക്കാരെയും കണ്ടെത്തുന്നതിന് പ്രത്യേക സംവിധാനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :3847 15/12/2014-ൽ മറുപടിക്ക്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.തോമസ് ഉണ്ണിയാടൻ<br>ശ്രീ. മോൻസ് ജോസഫ്<br>ശ്രീ. സി.എഫ്. തോമസ്<br>ശ്രീ. റ്റി.യു. കുരുവിള | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) |

| | | |
|---|---|---|
| (എ) | കേരളാ പോലീസിന്റെ സ്റ്റേഷനുകളിൽ വാദികളായും പ്രതികളായും എത്തുന്ന ജനങ്ങളോട് പോലീസുകാർ അപരി-ഷ്കൃതമായ രീതിയിൽ പെരുമാറുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;അത്തരം നടപടി-കൾ ആവർത്തിക്കാതിരിക്കാൻ പോലീസ് സ്റ്റേഷനുകളിൽ ക്യാമറ സംവിധാനം സ്ഥാപിക്കുന്നതിനും ജനങ്ങളോട് പെരു-മാറുന്നത് സംബന്ധിച്ച് ആറു മാസത്തിൽ ഒരിക്കൽ ഇവർക്ക് പ്രത്യേക ബോധവൽക്കരണം നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ ; | എ) സംസ്ഥാനത്തെ 272 പോലീസ് സ്റ്റേഷനുകളിലെ ലോക്കപ്പിൽ ക്യാമറ സ്ഥാപിച്ച് ലോക്കപ്പ് മോണിറ്ററിംഗ് സംവിധാനം സജ്ജമാക്കിയിട്ടുണ്ട്. പൊതുജനങ്ങളുമായി ഉചിതമായ രീതിയിൽ ഇടപഴകുന്നതിനും അവരോട് മാന്യമായി പെരുമാറുന്നതിനും ആവശ്യമായ പരിശീലന പരിപാടികളും സെമിനാറുകളും പോലീസുകാർക്ക് നൽകി വരുന്നുണ്ട്. |
| (ബി) | പോലീസിലെ ക്രിമിനലുകളെയും അഴിമതിക്കാരെയും കണ്ടെത്തുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്തുമോ ? | ബി)പോലീസ് ഉദ്യോഗസ്ഥർ അഴിമതി നടത്തുന്നതായോ ക്രിമിനൽ കുറ്റങ്ങളിലേർപ്പെ-ടുന്നതായോ ശ്രദ്ധയിൽപ്പെട്ടാൽ അവരെ സർവ്വീസിൽ നിന്നും മാറ്റിനിർത്തിക്കൊണ്ട് കർശനമായ വകുപ്പുതല നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ